എല്ലാം അർത്ഥവത്താക്കിയ ആൾ...

ഒടുവിൽആരാധകർകാത്തിരുന്ന ചിത്രമെത്തി. തമിഴ്നാട് മുഖ്യമന്ത്രിയും സൂപ്പർ താരവുമായ സി. ജോസഫ് വിജയ്ക്ക് പിറന്നാൾ ആശംസ നേർന്നുകൊണ്ട് നടി തൃഷ കൃഷ്ണൻ ഇൻസ്റ്റഗ്രാമിൽ പങ്കുവച്ച ചിത്രം നിമിഷങ്ങൾക്കുള്ളിൽ വൈറലായി. കേക്കിന് മുമ്പിലിരിക്കുന്ന വിജയ്യുടെയും തൃഷയുടേയും ചിത്രമാണ് പങ്കുവച്ചത്. 'എല്ലാംഅർത്ഥവത്താക്കിമാറ്റിയ വ്യക്തിക്ക് പിറന്നാൾആശംസകൾ' എന്ന കുറിപ്പുമുണ്ട്. വിജയ്തൃഷയെ ഇൻസ്റ്റഗ്രാമിൽ അൺഫോളോ ചെയ്തുവെന്നും വിജയ്യുടെ ജന്മദിനത്തിന് പതിവ് തെറ്റിച്ച് തൃഷ ആശംസ അറിയിച്ചില്ലെന്നതും വലിയ അഭ്യൂഹങ്ങൾക്ക് വഴിവച്ചിരുന്നു. 22 നായിരുന്നു വിജയ്യുടെ 52-ാം ജന്മദിനം. വിജയ്യും ഭാര്യ സംഗീതയും തമ്മിലുള്ള വിവാഹമോചന കേസ് നിലവിൽ കോടതിയുടെ പരിഗണനയിലാണ്.

ഭർത്താവിനെ അന്വേഷിച്ച സ്ത്രീയുടെ കഥ

ചെന്നൈ: തമിഴ്നാട്മുഖ്യമന്ത്രി സി. ജോസഫ് വിജയ്യെ പരിഹസിച്ച്പ്രതിപക്ഷ നേതാവ് ഉദയനിധി സ്റ്റാലിൻ. ചെങ്കൽപേട്ട് കുടുംബ കോടതിയിൽ വിവാഹമോചനത്തിനായി ഭാര്യ ഭർത്താവിനെ തേടിയെത്തിയ കഥയെക്കുറിച്ച് തമിഴ്നാടിന്അറിയാം. 27 വർഷത്തെ ദാമ്പത്യജീവിതം അവസാനിപ്പിക്കാൻ വിജയ്യുടെ ഭാര്യ സംഗീത നൽകിയ വിവാഹമോചന ഹർജിയെയാണ് ഉദയനിധി പരോക്ഷമായി പരിഹസിച്ചത്.

ഒരു കുട്ടിക്കഥ സൊല്ലട്ടുമാ...

ചെന്നൈ: ഡി.എം.കെ നേതാക്കളായ എം.കെ.സ്റ്റാലിനും ഉദയനിധിസ്റ്റാലിനുമെതിരെ സിനിമാ സ്റ്റൈലിൽ വിമർശനവുമായി തമിഴ്നാട് മുഖ്യമന്ത്രി വിജയ്. സ്റ്റാലിന്റെ തോൽവി സൂചിപ്പിച്ച് ഒരു കുട്ടിക്കഥ സൊല്ലട്ടുമാ എന്നു പറഞ്ഞുകൊണ്ടായിരുന്നു വിമർശനം. ഒരു ഊരിൽ പ്രായമായ ഒരാൾ വെയിൽ അടിക്കുന്നുവെന്ന് പറഞ്ഞ് കണ്ണിന് മുകളിൽ കൈ വച്ച് ചുറ്റിനടന്നു. കൂടെയുണ്ടായിരുന്ന പയ്യൻ എന്താണ് തേടുന്നതെന്ന് ചോദിച്ചു. അപ്പോൾ പെരിയവർ പറഞ്ഞു, നിന്റെ പിതാവ് ഇവിടെ ഉണ്ടാകുമെന്ന് പറഞ്ഞിരുന്നു, പക്ഷേ എവിടെയാണ്?-വിജയ് പരിഹസിച്ചു. സ്റ്റാലിന്റെ വൈറലായ ആംഗ്യം വിജയ് അനുകരിച്ചത് വൈറലായി.

അമ്മയാകണോ എന്നത് സ്ത്രീയുടെ അവകാശം

ചെന്നൈ: ഗർഭച്ഛിദ്രം നടത്തണോ എന്ന് തീരുമാനിക്കാനുള്ള പൂർണ അവകാശം സ്ത്രീക്കാണെന്ന് മദ്രാസ് ഹൈക്കോടതി. ആ വിവേചനാധികാരത്തെ സംരക്ഷിക്കുകയാണ് കോടതികളുടെ ചുമതല. ഗർഭച്ഛിദ്രം നടത്താൻ അനുമതി തേടിക്കൊണ്ട് 23കാരി നൽകിയ അപേക്ഷ അംഗീകരിച്ചു.

കൊളംബിയയെ നയിക്കാൻ എസ്പ്രിയേല്ല

ബൊഗോട്ട: തീവ്ര വലതുപക്ഷ നേതാവ് അബെലാർഡോ ഡീലാ എസ്പ്രിയേല്ല കൊളംബിയയുടെ പുതിയ പ്രസിഡന്റാകും. കഴിഞ്ഞ ദിവസം നടന്ന രണ്ടാം റൗണ്ട് തിരഞ്ഞെടുപ്പിൽ 49.66 ശതമാനം വോട്ട് നേടിയാണ് 47 കാരനായ എസ്പ്രിയേല്ലയുടെ ജയം. ഇടതുപക്ഷ സ്ഥാനാർത്ഥിയും സെനറ്ററുമായ ഇവാൻ സെപേഡയായിരുന്നു എതിരാളി. ആഗസ്റ്റ് 7ന് അധികാരമേൽക്കും. ബിസിനസുകാരനും മുൻ ക്രിമിനൽ അഭിഭാഷകനുമാണ് എസ്പ്രിയേല്ല.

ആണവ നിരീക്ഷണം സാദ്ധ്യമല്ലെന്ന് ഇറാൻ

ടെഹ്റാൻ: നയതന്ത്ര ചർച്ചകൾ തുടരവെ, ആണവ നിരീക്ഷണത്തെച്ചൊല്ലി ഇറാൻ-യു.എസ് തർക്കം. ഇറാനിലെ ആണവ കേന്ദ്രങ്ങളിൽ അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയുടെ വിദഗ്ദർ പരിശോധന നടത്തുമെന്നും തിങ്കളാഴ്ച സ്വിറ്റ്സർലൻഡിൽ അവസാനിച്ച ആദ്യ റൗണ്ട് ചർച്ചയിൽ ഇറാൻ ഇക്കാര്യം സമ്മതിച്ചെന്നും യു.എസ് പറയുന്നു. എന്നാലിത് വാസ്തവ വിരുദ്ധമാണെന്ന് ഇറാൻ ആരോപിച്ചു.

ഡോവലിനെ കണ്ട് ചൈനീസ് മന്ത്രി

അതിർത്തി തർക്കം പരിഹരിക്കും

അജിത് ഡോവലും ചൈനീസ് വിദേശകാര്യ മന്ത്രിയും ദേശീയ സുരക്ഷാ ഉപദേഷ്ടാവുമായ വാങ് യിയും

ഹോർമുസ് തുറന്നത് സ്വാഗതാർഹം

ഹോർമുസ് കടലിടുക്ക് തുറക്കുന്നത് ആഗോള ഊർജ്ജ സുരക്ഷയുമായി ബന്ധപ്പെട്ട സ്വാഗതാർഹമായ നീക്കമാണെന്ന് അജിത് ഡോവൽ ചൂണ്ടിക്കാട്ടി. വിതരണ ശൃംഖലയിലെ തടസങ്ങൾ നീങ്ങുന്നത് വളം, രാസവസ്തുക്കൾ തുടങ്ങിയവയുടെ ക്ഷാമം പരിഹരിക്കും. ഭൗമരാഷ്ട്രീയ വെല്ലുവിളികളെ നേരിടുന്നതിൽ ബ്രിക്സിന് പ്രധാന പങ്കുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ന്യൂഡൽഹി: നിലവിലുള്ള സൗഹൃദ, നയതന്ത്ര ബന്ധത്തെ ബാധിക്കാത്ത വിധം അതിർത്തി തർക്കങ്ങൾ പരിഹരിക്കാൻ ഇന്ത്യ- ചൈന ധാരണ.

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലും ചൈനീസ് വിദേശകാര്യ മന്ത്രിയും ദേശീയ സുരക്ഷാ ഉപദേഷ്ടാവുമായ വാങ് യിയും നടത്തിയ ചർച്ചയിലാണ് ധാരണയായത്. ഡൽഹിയിൽ ഇന്നലെ സമാപിച്ച 16-ാമത് ബ്രിക്സ് ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുടെ യോഗത്തിനിടെയാണ് ചർച്ച നടന്നത്.

ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് ഇരുവരും അറിയിച്ചു. അയൽക്കാരും ലോകത്തെ പ്രമുഖ സമ്പദ്വ്യവസ്ഥകളുമായ ഇരു രാജ്യങ്ങൾക്കുമിടയിൽ കൂടുതൽ സഹകരണം വേണമെന്ന് വാങ് യി വ്യക്തമാക്കി. അതിർത്തി വിഷയത്തിലുള്ള ഭിന്നതകൾ ശ്രദ്ധാപൂർവം കൈകാര്യം ചെയ്യണം. കാതലായ താത്പര്യങ്ങൾ പരസ്പരം ബഹുമാനിക്കുകയും നിർണായക വിഷയങ്ങൾ നന്നായി കൈകാര്യം ചെയ്യുകയും വേണം. അതിർത്തി പ്രശ്നം ഉചിതമായ രീതിയിൽ പരിഹരിച്ചാൽ ഉഭയകക്ഷി ബന്ധത്തെ ബാധിക്കില്ല. ബന്ധം മെച്ചപ്പെടുത്തുന്നതിന് ശക്തമായ പൊതുജനാഭിപ്രായം വേണം. സാമൂഹിക അടിത്തറ സ്ഥാപിക്കുന്നതിന് ഇരുപക്ഷവും ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. ബ്രിക്സ് അദ്ധ്യക്ഷതവഹിക്കുന്ന ഇന്ത്യയ്ക്ക് ചൈനയുടെ പിന്തുണ വാങ് യി വാഗ്ദാനം ചെയ്തു. ബ്രിക്സ് സംവിധാനത്തിന്റെ വികസനവും വളർച്ചയും പ്രോത്സാഹിപ്പിക്കാൻ ഇന്ത്യയുമായി കൈകോർക്കും.

ലക്നൗ തീപിടിത്തം

കെട്ടിടം പ്രവർത്തിച്ചത് അനധികൃതമായി

ന്യൂഡൽഹി: ഉത്തർപ്രദേശിലെ ലക്നൗവിൽ 15 പേരുടെ മരണത്തിനിടയാക്കിയ തീപിടിത്തമുണ്ടായ കെട്ടിടം പ്രവർത്തിച്ചത് അനധികൃതമായി. വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള അനുമതി കെട്ടിടത്തിനുണ്ടായിരുന്നില്ല. സംഭവത്തിൽ യു.പി സർക്കാർ രൂപീകരിച്ച രണ്ടംഗ എസ്.ഐ.ടി അന്വേഷണം ആരംഭിച്ചു. താമസത്തിനുള്ള കെട്ടിടത്തിലാണ് വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിച്ചത്. അതിനാൽ അടിയന്തര ഘട്ടങ്ങളിൽ ഉപയോഗിക്കേണ്ട ഫയർ എക്സിറ്റ് അടക്കം സുരക്ഷാ സംവിധാനങ്ങളുണ്ടായിരുന്നില്ല. 2016ൽ കെട്ടിടം പൊളിക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ഉടമ ഉദ്യോഗസ്ഥരെ സ്വാധീനിച്ച് ഒഴിവാക്കി. ദുരന്തത്തിന് ശേഷം പഴയ ഫയൽ പൊടിതട്ടിയെടുത്ത ഉദ്യോഗസ്ഥർ വീണ്ടും നോട്ടീസ് നൽകി. ഇതിനിടെ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് എൽ.ഡി.എ വൈസ് ചെയർമാൻ പ്രതമേഷ് കുമാറിനെ വിളിച്ചുവരുത്തി നഗരത്തിലെ അനധികൃത കെട്ടിടങ്ങളുടെ പട്ടികയും വിശദാംശങ്ങളും ആവശ്യപ്പെട്ടു. വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ആവശ്യത്തിന് സംവിധാനങ്ങൾ ഉറപ്പാക്കിയില്ലെന്ന് മരിച്ചവരുടെ ബന്ധുക്കൾ ആരോപിച്ചു. ഇന്നലെ ആറംഗ ഫോറൻസിക് ലബോറട്ടറി വിദഗ്ധർ സ്ഥലത്ത് പരിശോധന നടത്തി. കഴിഞ്ഞ ദിവസം കെട്ടിട ഉടമ, പെറ്റ് ഷോപ്പ് ഉടമ, ആനിമേഷൻ സെന്റർ നടത്തിപ്പുകാർ എന്നിവരെ അറസ്റ്റ് ചെയ്തിരുന്നു.

അയോദ്ധ്യ ക്ഷേത്രത്തിന്റെ ഭരണം ജില്ലാ മജിസ്ട്രേട്ട് ഏറ്റെടുത്തു

ന്യൂഡൽഹി: അയോദ്ധ്യ രാമക്ഷേത്രത്തിലെ അഴിമതി ആരോപണം ശക്തിപ്പെടുന്നതിനിടെ, ക്ഷേത്രഭരണം ജില്ലാ മജിസ്ട്രേട്ട് ശശാങ്ക് ത്രിപാഠി ഏറ്റെടുത്തു. യോഗി ആദിത്യനാഥ് സർക്കാർ നിയോഗിച്ച മൂന്നംഗ പ്രത്യേക അന്വേഷണ സംഘം ആഭ്യന്തര വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി സഞ്ജയ് പ്രസാദിന് ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഇതിന്റെ പകർപ്പ് യോഗി സർക്കാർ പ്രധാനമന്ത്രി നരേന്ദ്രമോദിക്കും ആഭ്യന്തരമന്ത്രാലയത്തിനും കൈമാറിയെന്നാണ് വിവരം. ശ്രീരാമജന്മഭൂമി തീർത്ഥ ക്ഷേത്ര ട്രസ്റ്റ് ജനറൽ സെക്രട്ടറി ചമ്പത് റായ് അടക്കം ആരോപണനിഴലിലാണ്. ട്രസ്റ്റ് പുനഃസംഘടിപ്പിക്കണമെന്ന് എസ്.ഐ.ടി ശുപാർശ ചെയ്തെന്ന് അറിയുന്നു.

ഗുരുശ്രേഷ്ഠ പുരസ്കാരം രമേശ് ചെന്നിത്തലയ്ക്ക്

തിരുവനന്തപുരം: ശ്രീനാരായണ മതാതീത ആത്മീയ കേന്ദ്രം ഏർപ്പെടുത്തിയ ഗുരുശ്രേഷ്ഠപുരസ്കാരം ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയ്ക്ക് നൽകും. 25,001 രൂപയും ഫലകവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം. ഓപ്പറേഷൻ തൂഫാൻ പദ്ധതി ശ്രീനാരായണ ഗുരു വിഭാവനം ചെയ്ത ലഹരി വിമുക്ത സമൂഹമെന്ന ആശയത്തിന് ഉതകുന്നതാണെന്ന് ജഡ്ജിംഗ് കമ്മിറ്റി വിലയിരുത്തി. ഗുരുദർശനം പുരസ്കാരം ഡോ. എൽ. തുളസിധരൻ പാങ്ങപ്പാറയ്ക്കും മതാതീത ആത്മീയ പുരസ്കാരം പത്തനാപുരം ഗാന്ധിഭവൻ ചെയർമാൻ ഡോ. പുനലൂർ സോമരാജനും നൽകും. ജൂലായ് ഒന്നിന് സ്വാമി ശാശ്വതികാനന്ദ സമാധി ദിനത്തിലെ അനുസ്മരണ മതാതീത സമ്മേളനത്തിൽ ശ്രീനാരായണ ധർമ്മസംഘം ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ പുരസ്കാരം കൈമാറുമെന്ന് കേന്ദ്ര ജനറൽ സെക്രട്ടറി വാവറമ്പലം സുരേന്ദ്രൻ അറിയിച്ചു.

ഡൽഹിയിൽ 11 കാരിയെ പീഡിപ്പിച്ചുകൊന്നു

ന്യൂഡൽഹി: ഡൽഹിയിലെ മെഹ്റോളിയിൽ കുടുംബത്തിനൊപ്പം ഫുട്പാത്തിൽ ഉറങ്ങുകയായിരുന്ന 11 കാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചുകൊന്നു. ബീഹാർ സ്വദേശിയായ ടാക്സി ഡ്രൈവറെ പൊലീസ് പിടികൂടി. തിങ്കളാഴ്ച പുലർച്ചെ അഞ്ചോടെയാണ് സംഭവം. മകളെ കാണാനില്ലെന്ന് കുടുംബം പരാതിപ്പെട്ടതോടെയാണ് പൊലീസ് തെരച്ചിൽ ആരംഭിച്ചത്. 20 ടീമുകൾ തെരച്ചിൽ നടത്തി. ഉച്ചയോടെ പ്രതിയെ കസ്റ്റഡിയിലെടുത്തു. ഇയാൾ പറഞ്ഞതനുസരിച്ച് നടന്ന തെരച്ചിലിൽ മൃതദേഹം കണ്ടെത്തി.

പ്രതിശ്രുത വരനെ കൊക്കയിൽ തള്ളിയിട്ടുകൊന്ന് യുവതി

നടക്കാനിരുന്നത് ആഡംബര വിവാഹം, 17 കോടിയുടെ കൊട്ടാരം

കേതൻ *സിയ*

പൂനെ: വിവാഹം നവംബറിൽ. ചടങ്ങുകൾക്കായി രാജസ്ഥാനിലെ ഉദയ്പൂരിൽ 17 കോടിയുടെ കൊട്ടാരം ബുക്ക് ചെയ്തു. അതിഥികളെ സ്വീകരിക്കാൻ സ്വകാര്യ ജെറ്റുകളും തയ്യാറായി. ഇതിനിടെ കഴിഞ്ഞ 18ന് പ്രതിശ്രുത വരൻ കേതൻ വിശാൽ അഗർവാൾ കൊക്കയിൽ വീണുമരിച്ചു. കേതൻ അബദ്ധത്തിൽ വീണുമരിച്ചതാണെന്നാണ് ആദ്യം വന്ന റിപ്പോർട്ടുകൾ. എന്നാൽ തള്ളിയിട്ടുകൊലപ്പെടുത്തിയതാണെന്ന് തെളിഞ്ഞിരിക്കുകയാണിപ്പോൾ. പിന്നിൽ പ്രതിശ്രുത വധു സിയ. മഹാരാഷ്ട്രയിലാണ് സംഭവം. പൂനെയിൽ റിയൽ എസ്റ്റേറ്റ് ബിസിനസ് നടത്തുകയായിരുന്നു കേതൻ അഗർവാൾ(32). പ്രമുഖ വ്യാവസായിയാണ് പിതാവ് വിശാൽ അഗർവാൾ. കാമുകനൊപ്പം ജീവിക്കാനാണ് സിയ കേതനെ കൊലപ്പെടുത്തിയതെന്ന് പൊലീസ് പറയുന്നു. സിയയ്ക്ക് ചേതൻ ചൗധരി എന്നയാളുമായി ബന്ധമുണ്ടായിരുന്നു. മേയ് 31ന് കേതനെ പ്രശസ്തമായ ലോഹഗഡ് കോട്ടയിലെത്തിച്ചു. ഈ യാത്രയ്ക്കിടെയാണ് കൊലപാതകം ആസൂത്രണം ചെയ്തെന്നത്. ജൂൺ 14ന് വീണ്ടും ഈ സ്ഥലത്തെത്തി. കൊലപ്പെടുത്താനുള്ള ശ്രമം പരാജയപ്പെട്ടു. തുടർന്നാണ് 18ന് ജന്മദിനാഘോഷത്തിന്റെ പേരിൽ വീണ്ടും ലോഹഗഡിലെത്തുന്നത്. ഫോട്ടോപകർത്തുന്നതിനിടെ സിയയും ചേതനും കേതനെ 400 അടി താഴ്ചയിലേക്ക് തള്ളിയിടുകയായിരുന്നു.

വിവിധം

സർക്കാരിന് സ്വകാര്യവത്കരണ അജൻഡ: പിണറായി

എ.കെ.ജി പഠന ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 'നിയോലിബറൽ അജൻഡകളുടെ തിരിച്ചുവരവ് - യു.ഡി.എഫ് ധവള പത്രവും ബഡ്ജറ്റും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, സി.പി.എം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ, സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, മുൻമന്ത്രി ടി.എം തോമസ് ഐസക്ക് എന്നിവർ

ഫോട്ടോ: അജയ് മധു

തിരുവനന്തപുരം: സ്വകാര്യവൽക്കരണ അജൻഡയാണ് യു.ഡി.എഫ് സർക്കാർ നടപ്പാക്കാൻ പോകുന്നതെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. സംസ്ഥാന താൽപര്യം ബലികഴിച്ച് കുത്തകകൾക്ക് കീഴങ്ങുന്നുവെന്ന് വ്യക്തമാക്കുന്നതാണ് ധവളപത്രവും ബഡ്ജറ്റും. എ കെ ജി പഠനഗവേഷണ കേന്ദ്രം സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പൊതുമേഖലാ സ്ഥാപനങ്ങൾ ബാധ്യതയാണെന്ന് ഭരണാധികാരികൾ പറയുന്നു. കമ്പോളം എല്ലാം നിശ്ചയിക്കുന്ന ഇരുണ്ട കാലത്തേക്കാണ് തിരിച്ചു പോകുന്നത്.

സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയെന്ന് വരുത്തിത്തീർത്ത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ബി.ജെ.പി നയത്തിനനുസൃതമായി ആസൂത്രണ ബോർഡിനെ മാറ്റാനാണ് ശ്രമമെന്നും പിണറായി പറഞ്ഞു.

യു.ഡി.എഫ് ഭരണത്തിൽ വാക്ക് വടക്കോട്ടും പ്രവൃത്തി തെക്കോട്ടും പോകുകയാണെന്ന് സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു.

പി.എം ശ്രീ വച്ച നീട്ടിയ കുറച്ച് പണത്തിന്റെ മറവിൽ വിദ്യാഭ്യാസ രംഗത്തെ എല്ലാ നന്മയേയും ഊതിക്കെടുത്താനാണ് ശ്രമമെന്നും അദ്ദേഹം പറഞ്ഞു.

സി.പി.എം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ, കേന്ദ്ര കമ്മിറ്റിയംഗങ്ങളായ ടി. എം തോമസ് ഐസക്, കെ. കെ. ശൈലജ, എസ്. ബി. ഐ മുൻ ചീഫ് ജനറൽ മാനേജർ എസ്. ആദികേശവൻ, എൻ. ജി. ഒ യൂണിയൻ ജനറൽ സെക്രട്ടറി എം. വി ശശിധരൻ എന്നിവർ വിഷയം അവതരിപ്പിച്ചു. സി. പി. എം ജില്ലാ സെക്രട്ടറി വി. ജോയി സ്വാഗതവും ആർ. പാർവതി ദേവി നന്ദിയും പറഞ്ഞു.

കെ.എസ്.ആർ.ടി.സി ബസ് മോഷണം: മുഖ്യപ്രതി പിടിയിൽ

പാലക്കാട്: കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്ന് ബസ് മോഷ്ടിച്ച സംഭവത്തിൽ മുഖ്യപ്രതി പിടിയിൽ. മേപ്പറമ്പ് നെല്ലിക്കാട് സ്വദേശി ഫാസിൽ(22) ആണ് പിടിയിലായത്. സി.സി.ടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിൽ, 16 ദിവസത്തിന് ശേഷമാണ് പ്രതിയെ പിടികൂടിയത്.

പാലക്കാട് വടക്കഞ്ചേരി, ആലത്തൂർ റൂട്ടിലോടുന്ന ടൗൺ ടു ടൗൺ ബസാണ് മോഷണം പോയത്. ഫാസിലും മറ്റൊരു പ്രതിയും ചേർന്ന് 7ന് പുലർച്ചെ 2.50 ഓടെ പാലക്കാട് ഡിപ്പോയ്ക്ക് സമീപത്തെ ലിങ്ക് റോഡിൽ പാർക്ക് ചെയ്തിരുന്ന ബസ് മോഷ്ടിക്കുകയായിരുന്നു. പൊലീസ് അന്വേഷണത്തിൽ 5 ന് മംഗളം ടവറിന് സമീപത്ത് ബസ് ഉപേക്ഷിച്ച നിലയിൽ കണ്ടെത്തി. നഗരത്തിലൂടെ നാല് കിലോമീറ്ററോളം ഓടിച്ചതിനു ശേഷമാണ് ബസ് ഉപേക്ഷിച്ചത്. ഒരു കടയുടെയും വീടിന്റെയും മതിലിലിടിച്ച് ബസിന്റെ ഒരുവശം പൂർണമായി തകർന്ന നിലയിലാണ്. നിലവിൽ അടിപിടി കേസുകളിലായി ഫാസിലിന്റെ പേരിൽ പാലക്കാട് നോർത്ത് സൗത്ത് സ്റ്റേഷനുകളിൽ കേസുകളുണ്ട്.

സംഭവത്തിന് ശേഷം ഒളിവിലായിരുന്ന ഫാസിലിനെ കഴിഞ്ഞ ദിവസം പിടികൂടി ചോദ്യം ചെയ്തിരുന്നു. ഇന്നലെ കെ.എസ്.ആർ.ടി.സി സ്റ്റാൻഡിലെത്തിച്ച് തെളിവെടുപ്പ് നടത്തി.

വാണിയപ്പാറ ദുരൂഹ കല്ലറ ഇന്ന് തുറക്കും

ആശങ്ക പടർത്തി, കാണാതായ സിജോ

12 വർഷമായി കാണാതായ കോഴിക്കോട് വിലങ്ങാട് സ്വദേശി സിജോ സ്കറിയയുടെ ബന്ധുക്കൾ മൃതദേഹം സിജോയുടേതാകാൻ സാദ്ധ്യതയുണ്ടെന്ന സംശയം ഉന്നയിച്ചിട്ടുണ്ട്. 2014 ൽ ഭാര്യവീടായ വാണിയപ്പാറയിൽ നിന്ന് കടയിലേക്ക് പോകുന്നുവെന്ന പറഞ്ഞ് ഇറങ്ങിയ സിജോ തിരിച്ചെത്തിയില്ല.

കല്ലറയിൽ രണ്ടാമത്തെയാളുടെ അടക്കം നടക്കുന്നതിനു മാസങ്ങൾക്കുമുമ്പാണ് സിജോയെ കാണാതായത്. പള്ളി സ്ഥിതിചെയ്യുന്ന വാണിയപ്പാറയിൽ വച്ചാണ് സിജോയെ കാണാതായതും. ഇതാണ് ബന്ധുക്കളിൽ സംശയം ഉയർത്തിയത്.

കല്ലറയിലേത് തന്റെ ഭർത്താവിന്റേതാകാൻ സാദ്ധ്യതയില്ലെന്ന് സിജോയുടെ ഭാര്യ നിഖില പറയുന്നത്. 'ആളില്ലാതായിട്ട് 12 വർഷമായി. അത് ഭർത്താവല്ലെന്നാണ് എന്റെ വിശ്വാസം. സിജോക്ക് ആരുമായും ശത്രുതയില്ലായിരുന്നു.' നിഖില പറഞ്ഞു. എന്നാൽ, ദുരൂഹത നീക്കാൻ കല്ലറ തുറന്ന് പരിശോധന നടത്തണമെന്ന ആവശ്യത്തിലാണ് നിഖിലയും സഹോദരൻ ബിനോയിയും.

ഇരിട്ടി (കണ്ണൂർ): പത്ത് ദിവസമായി തുടരുന്ന ദുരൂഹതയ്ക്ക് പരിഹാരം കാണാൻ വാണിയപ്പാറയിലെ കല്ലറ ഇന്ന് തുറക്കും. അയ്യൻകുന്ന് പഞ്ചായത്തിലെ വാണിയപ്പാറ ഉണ്ണിമിശിഹാ പള്ളി സെമിത്തേരിയിലെ 38ാം നമ്പർ കല്ലറ ശാസ്ത്രീയ പരിശോധനയ്ക്കായി തുറക്കാൻ തലശ്ശേരി ആർ.ഡി.ഒ അനുമതി നൽകി. ആർ.ഡി.ഒ ഉൾപ്പെടെയുള്ള റവന്യൂ അധികൃതരുടെയും ഫോറൻസിക് വിദഗ്ധരുടെയും സാന്നിദ്ധ്യത്തിലാവും പരിശോധന.

കല്ലറയ്ക്കുള്ളിൽ പ്ലാസ്റ്റിക് പായയിൽ പൊതിഞ്ഞ നിലയിൽ കണ്ട മൃതദേഹമെന്ന് തോന്നിക്കുന്ന വസ്തു എന്താണെന്ന് ഉറപ്പിക്കുന്നതിനാണ് കല്ലറ തുറക്കുന്നത്. അത് മൃതദേഹമാണെങ്കിൽ ഇൻക്വസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ വേണ്ടിവരും. മൃതദേഹം തിരിച്ചറിയാൻ ഡി.എൻ.എ പരിശോധനയും നടത്തും.

ഈ മാസം 13ന് മറ്റൊരു മൃതദേഹം അടക്കം ചെയ്യാൻ കല്ലറ തുറന്നപ്പോഴാണ് ഒരു ശവപ്പെട്ടിയോട് ചേർന്ന്, പ്ലാസ്റ്റിക് പായയിൽ പൊതിഞ്ഞ മൃതദേഹ സദൃശ്യവസ്തു കണ്ടത്. 2006ൽ മരിച്ച റോസമ്മയെയും 2015ൽ മരിച്ച ജെയ്സൺ കുന്നുക്കലിനെയും മാത്രം അടക്കിയ കല്ലറയിൽ ഈ മൂന്നാമത്തെ വസ്തു എങ്ങനെ വന്നെന്ന ചോദ്യം ആശങ്ക പടർത്തി. പള്ളി അധികൃതർ പൊലീസിൽ വിവരം അറിയിച്ചു.

ക്രിസ്ത്യൻ ആചാരപ്രകാരം മൃതദേഹം പായയിൽ പൊതിഞ്ഞ് സംസ്കരിക്കാറില്ല. 2015ൽ ജെയ്സൺ കുന്നുക്കലിനെ ശവപ്പെട്ടിയിൽ തന്നെ അടക്കം ചെയ്തതായും, ആ സമയത്ത് കല്ലറ അറക്കപ്പൊടിയും മണലും ഇട്ട് വൃത്തിയാക്കിയശേഷം വെള്ളത്തുണി വിരിച്ചെന്നും ജെയ്സൺന്റെ ബന്ധുക്കൾ ഇടവക വികാരിയെ അറിയിച്ചതോടെ ദുരൂഹത വർദ്ധിച്ചു. സംസ്കാരസമയത്ത് കല്ലറയിൽ മൂന്നാമതൊരു വസ്തുവും ഉണ്ടായിരുന്നില്ല.

കരിക്കോട്ടക്കരി പൊലീസാണ് കേസ് അന്വേഷിക്കുന്നത്.

റൂറൽ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ.എസ്.പി കെ.ഇ. പ്രേമചന്ദ്രൻ, പേരാവൂർ ഡിവൈ.എസ്.പി മോഹനചന്ദ്രൻ, കരിക്കോട്ടക്കരി ഇൻസ്പെക്ടർ എൻ. പ്രശാന്ത് എന്നിവർ പള്ളി അധികൃതരുമായി നടത്തിയ ചർച്ചയ്ക്കുശേഷമാണ് ശാസ്ത്രീയ പരിശോധനയ്ക്ക് തീരുമാനമായത്.

PAST LIFE REGRESSION THERAPY
എന്ത് എങ്ങിനെ ?

തിങ്കൾ മുതൽ വെള്ളി വരെ ഉച്ചക്ക് 2 മണിക്ക്
Kaumudy TV - Channel Position Numbers
VIDEOCON 3127 | airtel 839 | TATA PLAY 1851 | NXT 713 | 131 | 31 | DEN 612 | 108
For Advertisement | North Zone - 99461 08341 | Central Zone - 9946108251 | South Zone - 9995463872
www.kaumudy.com www.youtube.com/kaumudy

बैंक ऑफ़ बड़ौदा
Bank of Baroda

ബാങ്ക് ഓഫ് ബറോഡ, റീജിയണൽ ഓഫീസ്, ബെംഗളൂരു സൗത്ത്
നാലാം നില, വിജയ ടവർ, 41/2, എം.ജി റോഡ്, ബെംഗളൂരു, കർണാടക - 560001.
ഫോൺ: 080-25584066, എക്സ്റ്റൻഷൻ: 441, 080-25011710
ഇമെയിൽ: SARBES@bankofbaroda.com, വെബ്: www.bankofbaroda.in

**സ്ഥ